# അക്കാദമിക മാസ്റ്റർ പ്ലാൻ

**GVHSS PUTHENCHIRA**

# ആമുഖം

പുത്തൻചിറ ഗ്രാമത്തിൻറെ എല്ലാ വിശുദ്ധിയും കാത്തു സൂക്ഷിക്കുന്ന ഗവൺമെൻറ് വൊക്കേഷൻ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികളുടെ സർവ്വതോൻമുഖമായ വളർച്ചയ്ക്ക് വേണ്ടി അനുസ്യൂതം പ്രവർത്തിക്കുന്ന ഒരു വിദ്യാലയമാണ്. ഹൈസ്കൂൾ വിഎച്ച്എസ്ഇ ഹയർ സെക്കൻഡറി എന്ന വിഭാഗങ്ങളിലായി 43 ഓളം അധ്യാപകർ അനധ്യാപകർ  എന്നിവർ ഇവിടെ സേവനമനുഷ്ഠിക്കുന്നുണ്ട്. മൂന്ന് വിഭാഗങ്ങളിലായി 650 ഓളം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്.   ജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിൽ

ഉയർന്ന വിജയശതമാനം നിലനിർത്തി പോരുന്ന പ്രഥമ വിദ്യാലയം ആണിത്. സ്കൂളിൻറെ പാഠ്യപാഠേതര പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകാനും സേവനം നൽകാനും കരുത്തും ഊർജവും ഉള്ള ഒരു പി ടി എ യും ഈ വിദ്യാലയത്തിനുണ്ട്.

കുട്ടികളെ അംഗീകരിച്ചുകൊണ്ടും അവരുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും മാത്രമേ സാർവത്രികവും ഗുണമേന്മയുള്ളതും ആയ വിദ്യാഭ്യാസം എന്ന സാമൂഹിക ലക്ഷ്യം അനപർത്ഥമാക്കാൻ കഴിയൂ. ഗുണനിലവാരം ഉള്ള വിദ്യാഭ്യാസം ഉറപ്പിക്കുന്നതിന് സ്കൂൾ സംവിധാനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. കുട്ടികളുടെ അവകാശങ്ങൾ അംഗീകരിച്ചുകൊണ്ടുതന്നെ വിദ്യാഭ്യാസ പ്രക്രിയ പ്രാവർത്തികമാക്കാൻ കഴിയണം. ഇതിനെ വിദ്യാഭ്യാസത്തിൻറെ വിവിധ തലങ്ങളിലെ പ്രവർത്തനങ്ങളിൽ ആസൂത്രണത്തിനും നിർവഹണത്തിനും വില യിരുത്തലിനും അതിൻറെതായ സ്ഥാനമുണ്ട്. നമ്മുടെ വിദ്യാലയത്തെ പൊതുസമൂഹത്തിന്റെ പിൻബലത്തോടെയും പിന്തുണയോടെയും അർത്ഥപൂർണമായ പങ്കാളിത്തത്തോടെയും മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റണം. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഥമലക്ഷ്യം വിദ്യാലയങ്ങളിൽ എത്തിച്ചേരുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്യ അവസരങ്ങൾ എന്നിവ പ്രധാനം ചെയ്യുക എന്നതാണ്. ഈ ലക്ഷ്യം നേടുവാൻ വേണ്ടി നിലവിലുള്ള അവസ്ഥ മാറേണ്ടി വരും.

**ലക്ഷ്യങ്ങൾ**

1.മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കുക .

2. സമഗ്ര ഗുണമേന്മ വിദ്യാലയം ആസൂത്രണം സാധ്യമാക്കുക.

3. അവസര തുല്യത, സാമൂഹ്യനീതി, ഗുണത എന്നിവ ഉറപ്പിക്കുന്ന പഠന പരിസരവും പഠനാന്തരീക്ഷവും വികസിപ്പിക്കുക

4. ധാർമിക സംസ്കാരമുള്ള പുതുതലമുറ വളർത്തുക.

5. ജനകീയ സംവിധാനങ്ങളുടെയും പിന്തുണയോടെ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.

6. വിദ്യാലയത്തിന്റെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തുക.

7. ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന് സ്വയം പ്രാപ്തി നേടുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക

8. പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ പഠനം മെച്ചപ്പെടുത്താനായി ക്രമീകരണങ്ങൾ നടത്തുക.

9. ഓരോ കുട്ടിയുമായി ആത്മബന്ധം പുലർത്താനും അവരുടെ വ്യക്തിത്വം ഉൾക്കൊണ്ട് പരമാവധി വികാസത്തിലേക്ക് നയിക്കുവാനും അധ്യാപകർക്ക് കഴിയുക.

10. രക്ഷകർത്താ സമൂഹത്തിന്റെ സഹായത്തോടെ ഓരോ കുട്ടിയുടെയും പഠന പിന്നോക്കാവസ്ഥ മാറ്റുവാൻ കഴിയുക എന്നതാണ് മുഖ്യ ലക്ഷ്യം.

11. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന കുട്ടികളുടെ മലയാളം ഇംഗ്ലീഷ് ഹിന്ദി എന്നീ ഭാഷകളിൽ അനായാസമായ ആശയവിനിമയശേഷി വികാസം സാധ്യമാക്കുക.

12. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന കുട്ടികളുടെ അഭിരുചിക്കാൻ ശ്രദമായ വികാസത്തിന്റെ സാധ്യമാക്കൽ.

13. സ്കൂൾ ക്യാമ്പസ് തന്നെ ഒരു പാഠപുസ്തകം എന്ന രീതിയിൽ ക്യാമ്പസിനെ പരുവപ്പെടുത്തൽ.

14. ദേശീയ അന്തർദേശീയ കലാകായിക രംഗങ്ങളിൽ മികവ് തെളിയിക്കുന്ന രീതിയിൽ ഓരോ കുട്ടിയെയും വാർത്തെടുക്കൽ.

## <u>പരിമിതികൾ</u>

1. അപൂർണ്ണമായ ചുറ്റുമതിൽ
2. ആധുനിക കാഴ്ചപ്പാടുകൾ അനുസൃതമായ മികച്ച ഭൗതിക വികാസത്തിന്റെ അപര്യാപ്തത.
3. മത്സരപരീക്ഷകൾക്ക് വിദ്യാർത്ഥികളെ ഒരുക്കുന്നതിനുള്ള അപര്യാപ്തത
4. മാറ്റങ്ങൾ അനുസൃതമായ പരിശീലനം അധ്യാപകർക്ക് ലഭിക്കുന്നില്ല.
5. ഇൻറർനെറ്റ് സൗകര്യം എല്ലാ ക്ലാസുകളിലും ലഭ്യമല്ല
6. കുട്ടികളുടെ എണ്ണത്തിനനുസൃതമായി ലൈബ്രറി സൗകര്യം നിലവിലില്ല.
7. സ്കൂൾ പരിസരത്ത് മുന്നറിയിപ്പ് ബോർഡുകളുടെയും സിഗ്നലിംഗ് സംവിധാനങ്ങളുടെയും അപര്യാപ്തത.

# മാസ്റ്റർപ്ലാൻ

## ആമുഖം

### അക്കാദമികമായിനടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

- വായനാ പ്രോത്സാഹനം-എല്ലാസ്ററാഫുകളുടെയും സഹായത്തോടെ മാസികകൾ. ആനുകാലികപ്രസിദ്ധീകരണങ്ങൾ വരുത്തു
- വായനകുറിപ്പുകൾ .കയ്യെഴുത്ത് മാസിക തയ്യാറാക്കൽ,പ്രദർശിപ്പിക്കൽ.
- സർഗ വേളകൾ സംഘടിപ്പക്കൽ.- പഠന-പഠ്യേതര പ്രവർത്തനങ്ങൾ -മികവുകൾ-സമൂഹത്തിൽ എത്തിക്കൽ. (ദിനാചരണങ്ങൾ,സെമിനാർ,കവിയരങ്ങ്,.......)
- സ്കൂൾ റേഡിയോ ക്ലബ് -കൃത്യനിഷ്ഠയോടെ പ്രവർത്തിക്കും.
- ഫെയിസ് ബുക്ക്,സ്കൂൾ വിക്കി ,എന്നിവയുടെ ഉപയോഗം -സമൂഹത്തെ അറിയിക്കൽ,
- വിവിധ ക്ലബുകൾ വർഷാദ്യംതന്നെ രുപീകരിക്കുന്നു
- ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ.
- വായനകുറിപ്പുകൾ .കയ്യെഴുത്ത് മാസിക തയ്യാറാക്കൽ,പ്രദർശിപ്പിക്കൽ.
- സ്കൂൾ മാഗസിൻ തയ്യാറാക്കൽ.(it)
- അവധിക്കാല വ്യക്തിത്വ വികസന ക്യാമ്പ്.
- കരിയർ ഗൈഡൻസ് ക്ലാസുകൾ,പ്രദർശനങ്ങൾ.
- അഭിമുഖം,സംവാദങ്ങൾ.
- അസംബ്ലികൾ (വിവിധ വിഷയങ്ങൾ)
- മികച്ച അവതരണങ്ങൾക്ക് സമ്മാന വിതരണം.
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ വ്യക്തികളുടെയും, സാമൂഹികസന്നദ്ധസംഘടനകളുടെ സഹായം.

# വിഷയാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ

## സംസ്കൃതം

**പ്രതീക്ഷിത നേട്ടങ്ങൾ**

- സംസ്കൃതപഠനത്തിന് താത്പര്യം ജനിപ്പിക്കും.
- സംസ്കൃത അക്ഷരപഠനം.
- അക്ഷരസ്ഫുടതയോടെ സംസ്കൃത പദങ്ങൾ വായിക്കുവാനുള്ള കഴിവ് നേടും.
- സുഭാഷിതങ്ങൾ ആലപിക്കാനുള്ള കഴിവ് നേടും.
- വാക്യങ്ങൾ എഴുതുവാനുള്ള ശേഷി നേടും.
- സംസ്കൃതത്തിൽ സംസാരിക്കുവാനുള്ള ശേഷി നേടും
- കഥ,കവിത ,എന്നിവ എഴുതാനും, പാടാനും ഉള്ള കഴിവുനേടും.
- ഭാഷാലാബ് നിർമാണം.
- ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കാൻ ശേഷികിട്ടുന്നു.

| ക്രമസംഖ്യ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കേൾവി | സംസ്കൃത കളരി<br>സംസ്കൃത ലഘു ഗാനങ്ങൾ കേൾപ്പിക്കുന്നു<br>അക്ഷര ഗാനം.സംഖ്യാ ഗാനം, സുഭാഷിതങ്ങൾ...)<br><br>കൂടെ പാടിക്കുന്നു<br>അക്ഷരശ്ലോക സദസ്<br>ictസാധ്യത പരമാവതി<br>പ്രയോഗിച്ച് പരമാവധി | 1 month<br><br>one year | Skt trs<br><br>skt trs,students | | |

| | | | | | | |
|---|---|---|---|---|---|---|
| | | കേൾവിക്കുള്ള അവസരം ഒരുക്കുന്നു. | | | | |
| 2 | എഴുത്ത് | എഴുത്ത് രീതി പരിചയപ്പെടുത്തുന്നു<br><br>അക്ഷരങ്ങളുടെ പുറത്തുകൂടി വീണ്ടും വീണ്ടും എഴുതി പാഠിപ്പിക്കുന്നു.കുത്തുകൾ യോജിപ്പിച്ച് അക്ഷരങ്ങളുടെ എഴുത്തും വായനയും നടത്തുന്നു<br><br>ഗ്രൂപ്പുകളിൽ വർണ്ണമാലാ ചാർട്ട് നിർമ്മാണം നടത്തുന്നു.<br>ശബ്ദകോശം<br>ചിത്രപദകോശം<br><br>സംഖ്യാകോശം<br>വാക്യരചന<br>സംഭാഷണരചന<br>പ്രശ്നവാചകപദങ്ങൾ എഴുതുന്നു | 1 month<br><br>one year | Skt trs | | |
| 3 | വായന | ഭാഷാലാബ് നിർമ്മാണം<br>പുസ്തകപരിചായനം<br>കഥാകഥനം | One year | Trs.students | | |
| 4 | അവതരണം | സംഭാഷണം<br>നാടകാഭിനയം | One year | | | |
| 5 | ചിത്രീകരണം | വിവിധഡോക്യുമെന്ററികൾ നിർമ്മിക്കൽ | One year | Trs,students | | |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

## Area - English language learning

| Aim | Activity | Period | Assigned by | Expense |
|---|---|---|---|---|
| Listening.<br>Gives ample opportunities for listening. | Teachers give opportunities for listening to stories, news, etc… | Once a week. | English teachers | NIL |
| Speaking. Gives ample opportunities for | Teacher gives a topic in the class and asks children to speak 2-3 minutes about it. | Twice a week. | English teachers | NIL |

| | | | | |
|---|---|---|---|---|
| speaking. | Encourages students to speak in English in the class. | | | |
| Reading.<br>Gives ample opportunities for reading. | Teacher lets students read English newspapers. Encourages students to read English story books from the library. | Once a week. | English teachers | NIL |
| Writing.<br>Gives ample opportunities for speaking. | Teacher gives a topic and asks to write a story on it. Teacher gives some lines of a poem and asks students to add more lines. | Once a week. | English teachers | NIL |
| Comprehension. | Teachers ask students to listen to a short story or a news segment and then answer questions to check their understanding | Once a week | English teachers | NIL |
| Vocabulary Building. | Teachers introduce new words each week and ask students to use them in sentences. A vocabulary quiz can be conducted at the end of each month. | Once a week | English teachers | NIL |
| Grammar Practice. | Teachers provide exercises on different grammar topics such as tenses, prepositions, conjunctions, etc. | Once a week | English teachers | NIL |
| Pronunciation Improvement | Teachers familiarize children with correct pronunciation of the words. Students practice difficult sounds and words, and participate in speaking exercises. | Once a week | English teachers | NIL |
| Group Discussions | Teachers organize group discussions on various topics. Students are divided into small groups and each group presents their views on the topic. | Once a week | English teachers | NIL |

| | | | | |
|---|---|---|---|---|
| English film festival. | Organize an English Film Festival where students watch selected English movies or short films. | Once a month | English club | NIL |

| **മേഖല : അക്കാദമികം** | | | | **ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം** | |
|---|---|---|---|---|---|
| **നമ്പർ** | **പ്രവർത്തനങ്ങൾ** | **കാല ദൈർഘ്യം** | **ക്ലാ സ്സ്** | **ചുമതല** | **ലക്ഷ്യം** |
| 1. | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യ വാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാ നും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2. | ഓരാ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം. | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | ഹിന്ദി ഭാഷ കൂടുതൽ എളുപ്പമാക്കൽ |
| 3. | CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകാമായി അക്ഷരാല അവതരണം | ആഴ്ചയി ൽ ഒരു പ്രാവശ്യം | 8,9,10 | ഹിന്ദി അധ്യാപകർ | അധിക പിന്തുണ വേണ്ട കുട്ടികൾക്ക് പ്രത്യേക പരിഗണന |
| 4. | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, | ആഴ്ചയി ൽ ഒരു പ്രാവശ്യം | 8,9,10 | ഹിന്ദി അധ്യാപകർ | ഹിന്ദി സാഹിത്യത്തോടുള്ള അഭിരുചി വളർത്തൽ |

| | | | | | |
|---|---|---|---|---|---|
| | കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | | | | |
| 5. | ഹിന്ദിയിൽ  ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധ പ്പെട്ട് | 8,9,10 | ഹിന്ദി അധ്യാപകർ | ഹിന്ദി സംസാരിക്കാൻ ആത്മവിശ്വാസം ഉണ്ടാക്കൽ |
| 6. | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 8,9,10 | ഹിന്ദി അധ്യാപകർ | ഹിന്ദിയിൽ തെറ്റ് കൂടാതെ എഴുതാൻ പഠിക്കൽ |
| 7. | പാഠഭാഗവുായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ .പ്രോത്സാഹിപ്പിക്കുക | പ്രതിദിനം | 8,9,10 | ഹിന്ദി അധ്യാപകർ | ഹിന്ദി സംസാരിക്കാൻ ആത്മവിശ്വാസം ഉണ്ടാക്കൽ |
| 8. | ഹിന്ദി അന്തരീക്ഷവുായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി , സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6മാസം | 8,9,10 | ഹിന്ദി അധ്യാപകർ | ഹിന്ദി ഭാഷയെ കൂടുതൽ അറിയാനും പ്രയോഗങ്ങളും ശൈലികളും മനസ്സിലാക്കാനും ഉള്ള അവസരം ഉണ്ടാക്കൽ |
| 9. | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികാണ്ട് AI ഉപയാഗിച്ച് ഭാഷയെ ഉൾക്കാള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ | 6മാസം | 8,9,10 | ഹിന്ദി അധ്യാപകർ | ഹിന്ദി ലളിതവും സുന്ദരവും ആയ ഭാഷയാണെന്നു തിരിച്ചറിയൽ |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ- ശാസ്ത്രം

**മേഖല: അക്കാദമികം** **ഉപമേഖല: ശാസ്ത്രം**

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ /സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ശാസ്ത്ര പഠനത്തിലൂടെ മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാനശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | *പ്രീ ടെസ്റ്റ് ചോദ്യം നിർമ്മാണം, ടെസ്റ്റ്, മൂല്യനിർണയം.<br>* പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിൽ ബോധന സാമഗ്രികൾ തയ്യാറാക്കൽ,ആസൂത്രണം<br>*ആശയധാരണകൾ ഉറപ്പിക്കൽ<br>*പഠന പിന്നാക്കാവസ്ഥ ഉള്ളവർക്ക് എക്സ്ട്രാ ഒഴിവുദിന വിനിമയം | ജൂൺ ജൂലൈ | ശാസ്ത്ര അധ്യാപകർ | SRG |
| 2 | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവം ഉള്ളവരാക്കലും | *ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും സയൻസ് ക്ലബ്ബ് രൂപീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും.<br>*സയൻസ് ബുള്ളറ്റിൻ ബോർഡിന്റെ കാര്യക്ഷമമായ ഉപയോഗം<br>*ശാസ്ത്രക്ലാസുകൾ ശാസ്ത്ര വസ്തുക്കൾ നിർമ്മാണം | യഥാസമയങ്ങളിൽ | അധ്യാപകർ , SRG, Science club | SMC, PTA<br>Rs. 1000 |
| 3 | ശാസ്ത്ര ലാബിന്റെ നവീകരണം | *വിവിധ ഉപകരണങ്ങൾ ചാർട്ടുകൾ, മോഡലുകൾ, പ്രവർത്തനമാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ<br>*ഇരിപ്പിടം, വെളിച്ചം, വെള്ളം, സുരക്ഷാസംവിധാനങ്ങൾ എന്നിവ സജ്ജമാക്കൽ<br>*ജീവശാസ്ത്ര പഠനത്തിന് ആവശ്യമായ മൈക്രോസ്കോപ്പ് അതുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ | First Term | ശാസ്ത്ര അധ്യാപകർ , SSA. Panjayath | SRG, SMC, PTA, SSA<br>Rs. 15000 |

| | | | | | |
|---|---|---|---|---|---|
| 4 | പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ, കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | ക്യാമ്പസിൽ പഴം - പച്ചക്കറി തോട്ടം ഔഷധത്തോട്ടം, ജൈവവൈവിധ്യ പാർക്ക്, സ്കൂൾ കോമ്പൗണ്ടിനകത്ത് വിവിധതരം വൃക്ഷങ്ങളുടെ പേരും ശാസ്ത്രീയ നാമവും കണ്ടുപിടിച്ച് ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ | 1 year | ശാസ്ത്ര അധ്യാപകർ, | കർഷകർ, എസ്എംസി ,പിടിഎ ,പഞ്ചായത്ത് , ഹരിത കർമ്മ സേന |
| 5 | മാലിന്യമുക്ത, ആരോഗ്യ - ശുചിത്വ - വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | *പരിസര ശുചീകരണം, ശുചിത്വ ബോധവൽക്കരണം * കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യക്ലാസ് വൈദ്യപരിശോധന *ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്സ് *വിവിധ ഡിവിഷനുകളിൽ/ വാർഡുകളിൽ ആരോഗ്യ സർവേ | യഥാസമയങ്ങളിൽ | ശാസ്ത്ര അധ്യാപകർ | ആരോഗ്യവകുപ്പ് പഞ്ചായത്ത് |
| 6 | ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രീയ മനോഭാവം ഉടലെടുക്കാനും | *സ്കൂൾ ശാസ്ത്രമേള *ലഘു പരീക്ഷണങ്ങളുടെ നിർവഹണം, മോഡൽ നിർമ്മാണം *ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം പരിചയപ്പെടലും അതിനോടനുബന്ധിച്ചുള്ള ക്വിസ്സും *ശാസ്ത്ര ക്വിസ് , ശാസ്ത്ര മാജിക് തുടങ്ങിയ മത്സരങ്ങൾ | First term & Second Term | ശാസ്ത്ര അധ്യാപകർ | SRG,PTA |
| 7 | കൂൺ കൃഷി പരിപാലനവും വിപണനവും | കൂൺ കൃഷി പരിശീലനവും പരിപാലനവും വിപണി കണ്ടെത്തി ഫലപ്രദമായി വിൽപ്പന നടത്തുകയും സ്വരൂപിക്കുന്ന പണം സ്കൂൾ പച്ചക്കറി കൃഷിക്കായി ഉപയോഗിക്കുകയും ഉൽപ്പന്നങ്ങൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യൽ | സെപ്റ്റംബർ മുതൽ മാർച്ച് വരെ | ശാസ്ത്ര അധ്യാപകർ | SMC, PTA Rs. 4000 |
| 8 | പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽക്കൂട്ടാക്കി മാറ്റൽ | പ്രതിഭകൾക്ക് പ്രത്യേക പരിശീലനം വൈഐപിയുടെ ഭാഗമാക്കൽ *വ്യവസായശാലകൾ, ശാസ്ത്ര കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കൽ *സ്കോളർഷിപ്പ് (NMMS)പരീക്ഷകൾക്ക് പരിശീലനം | എല്ലായ്പ്പോഴും | ശാസ്ത്ര അധ്യാപകർ | SRG, PTA |

| | | | | | |
|---|---|---|---|---|---|
| 9 | ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ (ഐസിടി സാധ്യതകൾ) | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ അനിമേഷൻ, വെർച്ച്വൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങൾ ഉപയോഗിച്ച് പാഠാവതരണത്തിനും ആശയ വിനിമയത്തിനുമായി ഉപയോഗിക്കാം | എല്ലായ്പ്പോ ഴും | ശാസ്ത്ര അധ്യാപകർ | SITC, KITE(IT@School), SCERT |
| 10 | സ്കൂൾ ലവ് പ്ലാസ്റ്റിക്, ഹരിത വിദ്യാലയം | ശാസ്ത്രീയമായി പ്ലാസ്റ്റിക് ഉപയോഗം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, സ്കൂളിനെ ഹരിത വിദ്യാലയമാക്കി മാറ്റുകയും ഉപയോഗ ശൂന്യമായ പേനകൾ നിക്ഷേപിക്കാൻ പെൻ കോർണർ , സ്ഥാപിക്കുകയും മാലിന്യങ്ങളെ വേർതിരിച്ച് നിക്ഷേപിക്കലും ഫലവത്തായി ഹരിത കർമ്മ സേനയ്ക്ക് കൈമാറുകയും ഭക്ഷ്യവസ്തുക്കൾ മിച്ചം വരുന്നത് സമീപത്തെ പന്നിഫാമിലേക്ക് നൽകുകയും ജൈവാവശിഷ്ടങ്ങൾ പ്രത്യേകം തരംതിരിച്ച് ജൈവ പ്ലാന്റിൽ നിക്ഷേപിക്കുകയും പച്ചക്കറിത്തോട്ടത്തിന് ആവശ്യമായ വളമായി പിന്നീട് ഉപയോഗിക്കുകയും ചെയ്യുക | എല്ലായ്പ്പോ ഴും | അധ്യാപകർ, അനധ്യാപകർ, കുട്ടികൾ, ഇക്കോ ക്ലബ്ബ് അംഗങ്ങൾ | PTA, SRG, SMC, MPTA, ഹരിത കർമ്മ സേന, പഞ്ചായത്ത് |

# MATHS PLAN

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ചതുഷ്ക്രിയ കൾ ഉറപ്പിക്കുക | പഠനനിലവാരം കണ്ടെത്തൽ -പ്രീണ്ടെസ്റ്റ് നത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br><br>കണ്ടെത്തിയ പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമ ായ പ്രവർത്തന പാക്കേജ് | ജൂൺ<br><br>ജൂൺ | ഗണിത അധ്യാപകർ<br><br>ഗണിത അധ്യാപകർ | 200/- |

| | | | | | |
|---|---|---|---|---|---|
| | | തയ്യാറാക്കുന്നു. ആവശ്യമായ വിഭവങ്ങൾ ശേഖരിക്കുന്നു.<br><br>ഗണിതത്തെ ജീവിതവുമായി ബന്ധിപ്പിക്കുന്ന ഗണിതരീതികൾ പരിചയപ്പെ(ുത്തുന്നു. ഗണിതാന്തരീക്ഷം ഒരുക്കുന്നതിനായി ചുമരുകൾ, ഗാവണി, സ്റ്റെപ്പുകൾ എന്നിവ ഉപയാഗപ്പെ(ുത്തുന്നു | വർഷം മുഴുവൻ | എച്ച് എം, എസ് ആർ ജി, പി (ി എ, ഗണിത അധ്യാപകർ | 500/-<br><br>2000/- |
| 2. | രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുണ്ടെ( വികാസവു | ജാപ്പനീസ് കലയായ ഒറിഗാമിയിലൂണ്ടെ( ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. വിവിധരൂപങ്ങൾ നിർമ്മിക്കുന്നു. അവ ഉപയാഗിച്ച് പഠനം എളുപ്പമാക്കുന്നു. അവയുണ്ടെ( ഗണിത സവിശേഷതകൾ പട്ടികപ്പെ(ുത്തൽ, പ്രദർശനം സംഘ(ിപ്പിക്കൽ എന്നിവ ന(ത്തുന്നു. ഗണിതത്തിന്റെ ചരിത്രം അറിയുന്നു | വർഷത്തിൽ ഒരു പ്രാവശ്യം ഗണിത പിരീഡുകളിൽ | എസ് ആർ ജി, ഒ.എസ് .എ | 1000/- |
| 3. | ഗണിത ശാസ്ത്ര ലാബ് സജ്ജീകരണം | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കാൻ ശ്രമിക്കുന്നു. ഗണിതലാബ് ഉപകരണങ്ങൾ (അബാക്കസ്, അളവുതൂക്ക ഉപകരണങ്ങൾ, സ്തംഭങ്ങൾ,സ്തൂപികകൾ, ചാർട്ടുകൾ,......................) വിവിധരൂപങ്ങൾ, ഉപകരണങ്ങൾ പഠന പ്രവർത്തനങ്ങൾക്ക് പ്രയാഗനപ്പെ(ുത്തുന്നു | വർഷം മുഴുവൻ | ഗണിത ക്ലബ്ബ്, ഗണിത അധ്യാപകർ | 10000/- |
| 4. | ഗണിത പഠന പ്രവർത്തനങ്ങ ൾ സുഗമമാക്കൽ | ദിനാചരങ്ങളുമായി ബന്ധപ്പെട്ട് ന(ത്തുന്ന പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെ(ുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ ഗണിതശാസ്ത്ര ദിനാചരണം സംഘ(ിപ്പിക്കുന്നു. ഗണിതശാസ്ത്ര ശാസ്ത്രജ്ഞൻമാരുണ്ടെ( ജീവചരിത്രം നൽകുകയും മത്സരങ്ങൾ സംഘ(ിപ്പിക്കുകയും ചെയ്യുന്നു. ക്വിസ് , പാസ്റ്റർ രചന, ചാർട്ട് മത്സരം, ഗണിത പൂക്കളമത്സരം എന്നിവ സംഘ(ിപ്പിക്കുന്നു | അതാതു സമയങ്ങളിൽ | എസ് ആർ ജി, ഗണിത ക്ലബ്ബ്, ഗണിത അധ്യാപകർ | 2000/- |

| | | | | | |
|---|---|---|---|---|---|
| 5. | ഗണിതം മധുരതരമാക്ക ൽ | ഗണിത തത്വങ്ങളെ കവിതയിലൂണ്ടെ( അവതരിപ്പിക്കുന്നു. ഗണിതശാസ്ത്രജ്ഞൻമാരു ണ്ടെ( ജീവചരിത്രം ലഘുനാ(കങ്ങളിലൂണ്ടെ( അവതരിപ്പിക്കുന്നു | ആവശ്യാ നുസ രണം | ഗണിത ക്ലബ്ബ് കൺവീനർ | 1000 |
| 6. | ഗണിതപഠനം പ്രാത്സാഹിപ്പി ക്കുന്നതിന് | ഗണിതമേളകൾ സംഘ(ിപ്പിക്കുന്നു. ഗണിത മാഗസിൻ, പ്രാജക്റ്റ്, സെമിനാർ, ചാർട്ട് തയ്യാറാക്കൽ എന്നിവ ന(പ്പിലാക്കുന്നു.<br><br>ഗണിത പുസ്തകങ്ങൾ - ലൈബ്രറിയിൽ ഗണിത പുസ്തകങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നു.<br><br>ഗണിതമൂല സജ്ജീകരിക്കൽ- പഠനം ലളിതമാക്കാനും രസകരമാക്കാനും സഹായകമായ വസ്തുക്കൾ ശേഖരിച്ചു വെയ്ക്കുന്നു | ജൂൺ - ഒക്ടോബർ<br><br>വർഷം മുഴുവൻ<br><br>വർഷം മുഴുവൻ | എസ്. ആർ. ജി, ഗണിത അധ്യാപകർ<br><br>എസ്. ആർ. ജി, ഗണിത അധ്യാപകർ<br><br>ഗണിത ക്ലബ്ബ് കൺവീനർ | 2000/-<br><br>2000/-<br><br>1000/- |
| 7. | ഗണിത പഠനം എളുപ്പമാക്കുന്ന തിന് | ഗണിത പഠനത്തിലെ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന് ഐ (ി ഉപയാഗപ്പെ(ുത്തുന്നു. ജിയാജിബ്ര സാഫ്റ്റ്വെയർ ഉപയാഗിച്ച് അനുയാജ്യമായ പഠന പ്രവർത്തനങ്ങൾ ന(ത്തുന്നു | വർഷം മുഴുവൻ | ഗണിത അധ്യാപകർ | 1000/- |
| 8. | കുട്ടികൾ പാഠ്യപദ്ധതിക്ക് പുറത്തും അകത്തുമുള്ള ഗണിതാശയങ്ങള ിൽ കൂടുതൽ അറിവ് നേ"ടുന്നതി"് | വിദഗ്ദരുടെ( ക്ലാസുകൾ സംഘ(ിപ്പിക്കുന്നു. ഈ ക്ലാസ്സിൽ "ിന്നും ലഭിച്ച അനുഭവം കുട്ടികൾ പ്രവർത്തികമാക്കുന്നു | ആവശ്യാ നുസ രണം | ഗണിത അധ്യാപകർ, പൂർവഗണിത അധ്യാപകർ | 2000/- |

**തനതു പ്രവർത്തനങ്ങൾ**

**ഗണിതം മധുരതരമാക്കൽ**

ഗണിത ദിനാചരണങ്ങളോട് അനുബന്ധിച്ച് (പൈ ദിനം , പാസ്കൽ ദിനം , ദേശീയ ഗണിത ദിനം) ചാർട്ട് നിർമാണം, ഗണിത ഗാനം, ICT പ്രദർശനം, , ഗണിത ക്വിസ് .

സ്വാതന്ത്ര്യ ദിനത്തോട് അനുബന്ധിച്ച് ദേശീയ പതാക നിർമിക്കുന്നു.

ഓണത്തോട് അനുബന്ധിച്ച് ഗണിത പൂക്കള മത്സരം , ഗണിത ഗാനം , ഗണിത പ്രസംഗം, ചാർട്ട് നിർമാണം, still model, working model.

എന്നിവ സംഘടിപ്പിച്ച് കുട്ടികൾക്ക് ഗണിത ആശയങ്ങൾ ഉറപ്പിക്കുന്നതിനും ഗണിത അഭിരുചി വളർത്തുന്നതിനും ഉള്ള പഠന പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു.

## മേഖല : അക്കാദമികം
## ഉപ മേഖല :- ആരോഗ്യം, ശുചിത്വം, പരിസ്ഥിതി, കായികം, കലാപഠനം

| ക്രമ. നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | മാലിന്യ സംസ്കരണ സംവിധാനം | വർഷം മുഴുവൻ | PTA | RS 20000 /- |
| 2. | ബയോഗ്യാസ് പ്ലാൻറ് | 1മാസം | SSK | Rs 100000/- |
| 3. | കുട്ടികളുടെ ആരോഗ്യ കാര്യങ്ങൾ ശ്രദ്ധിക്കാൻ സ്കൂളിൽ ഒരു JPHN ൻ്റെ മുഴുവൻ സമയ സേവനം | വർഷം മുഴുവൻ | Health department | NIL |
| 4. | കുട്ടികൾക്ക് കായിക പരിശീലനം നൽകാൻ അധ്യാപകനെ നിയമിക്കൽ | വർഷം മുഴുവൻ | DPI / ജില്ലാ പഞ്ചായത്ത് | Rs 240000 |
| 5. | അധികസമയ കോച്ചിങ്ങിനായി (ഫുട്ബോൾ, വോളിബോൾ , ഖൊ ഖൊ ,ഷട്ടിൽ) കോച്ചിന്റെ സേവനം | വർഷം മുഴുവൻ | PTA/ SPORTS Council | Rs 100000 |

| | | | | |
|---|---|---|---|---|
| 6. | നീന്തൽ സാക്ഷരത - സ്വിമ്മിംഗ് പൂൾ നിർമ്മാണം.<br>പരിശീലകരെ കണ്ടെത്തൽ | 2 മാസം | PTA<br>ജില്ലാ പഞ്ചായത്ത് | Rs 50000/-<br>Rs 1000000 /- |
| 7. | എയ്റോബി-ക്സ് പരിശീലനം,<br>കരാട്ടെ പരിശീലനം, യോഗ പരിശീലനം | September- January<br>ആഴ്ചയിലൊരു ദിവസം | ജില്ലാ പഞ്ചായത്ത് | Rs 100000 |
| 8. | കലാ പഠനം ,<br>പ്രവൃത്തി പരിചയം എന്നിവയ്ക്ക് പരിശീലനം നൽകുന്നതിനായി സ്കൂളിൽ ഒരു സ്ഥിരം അധ്യാപകൻ<br>(എല്ലാ സ്കൂളിലും) | വർഷം മുഴുവൻ | DPI<br>ജില്ലാ പഞ്ചായത്ത് | 240000 |
| 9. | ടാലൻ്റ് ലാബ് | വർഷം മുഴുവൻ | അധ്യാപകർ<br>PTA | NIL |
| 10. | കായിക പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ | വർഷം മുഴുവൻ | ജില്ലാ പഞ്ചായത്ത്<br>HM<br>PTA | Rs.100000 /- |
| 11. | ഔഷധത്തോട്ട നിർമ്മാണം | നാലുമാസം | ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറ്<br>ഇക്കോ ക്ലബ്ബ് | RS 25000/- |
| 12. | അടുക്കളത്തോട്ടം | പത്തുമാസം | കൃഷിഭവൻ<br>PTA<br>കാർഷിക ക്ലബ്ബ് | Rs 10000/- |
| 13. | പരിസര സൗന്ദര്യവൽക്കരണം<br>പൂന്തോട്ട നിർമ്മാണം | വർഷം മുഴുവൻ | PTA<br>ഇക്കോ ക്ലബ്ബ് | Rs 15000/- |
| 14. | വിദ്യാവനം പദ്ധതി | ഒക്ടോബർ മുതൽ | വനം വകുപ്പ് | Rs 100000 /- |

# ഉപസംഹാരം

സ്കൂളിലെ ഭിന്നശേഷിക്കാരായ കുട്ടികളെ ഇൻക്ലൂസിവ് എഡ്യൂക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റു കുട്ടികളുമായി ഒത്തുചേർന്നു പോകുന്ന തരത്തിലുള്ള ഒരു സൗഹാർദ്ദപരമായിട്ടുള്ള പഠനാന്തരീക്ഷം അവർക്കായി ഒരുക്കുന്നതിൽ ഈ സ്കൂൾ വിജയിച്ചിട്ടുണ്ട്. ഈ സ്കൂളിലെ എല്ലാ അധ്യാപകരും ചുമതലകൾ എല്ലാം തികഞ്ഞ ചുമതലാബോധത്തോടെ വീഴ്ചകൾ ഒന്നും വരാത്ത തരത്തിൽ ചെയ്തു പോരുന്നു. അതോടൊപ്പം പ്രധാന അധ്യാപികയോടും അധ്യാപകരോടും ഒപ്പം ചേർന്നുനിന്നുകൊണ്ടു അനധ്യാപകരും അവരുടെ ചുമതലകൾ കൃത്യമായി നിർവഹിച്ചു വരുന്നു. സ്കൂളിന്റെ സർവ്വതോൻമുഖമായ ഉയർച്ചക്കായി ഇവിടുത്തെ ഓരോ അധ്യാപകനും കുട്ടികളും അഹോരാത്രം പ്രയത്നിച്ചു വരുന്നു.

*************************